**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മലപ്പുറം ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫ് അലി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2012 -ൽ മഞ്ചേരി ശിഹാബ് തങ്ങൾ ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി അപ്‌ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** 17.06.2014 ലെ സ.ഉ(സാധാ) നം. 1999/2014 പ്രകാരം മഞ്ചേരി ജനറൽ ആശുപത്രി ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയായി പുനർനാമകരണം ചെയ്യുകയും, ആരോഗ്യവകുപ്പിന് കീഴിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ്, മറ്റു മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാർ ഡീംഡ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരണമെന്നും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേയും, ആരോഗ്യവകുപ്പിന്റെ കീഴിലേയും ജീവനക്കാർ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരിയിൽ മെഡിക്കൽ കോളേജും, ജനറൽ ആശുപത്രിയും സംയുക്തമായാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ജനറൽ ആശുപത്രി ജില്ലയിൽ നിർത്തലാക്കിയിട്ടില്ല.

**(ബി)** ഉണ്ടെങ്കിൽ ജനറൽ ആശുപത്രി അനുവദിക്കുന്ന കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഇല്ലെങ്കിൽ, ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ഒരു ജനറൽ ആശുപത്രി അനുവദിക്കേണ്ടത് അത്യാവശ്യമാണെന്ന കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**